**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ ഭൂമിയുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമയബന്ധിതമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടികജാതിയിൽപ്പെട്ട ദുർബല വിഭാഗങ്ങൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നു.ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേനയും ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം, അതിദാരിദ്ര പട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ ആദിവാസി പുനരധിവാസ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | കഴിഞ്ഞ പത്തുവർഷ കാലയളവിൽ (2016-2026) പ്രസ്തുത വിഭാഗങ്ങൾക്ക് പതിച്ചുകൊടുത്ത ഭൂമിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ (2016-2026) 34,594 പട്ടികജാതി ഗുണഭോക്താക്കൾക്ക് 1489.9065 ഏക്കർ ഭൂമിയും 9196 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 8690.67 ഏക്കർ ഭൂമിയും ലഭ്യമാക്കിയിട്ടുണ്ട് |
| (സി) | 2011-16 കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ ഭൂമിയുടെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 2011-16 കാലയളവിൽ 27961 പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി ആകെ 1286.52 ഏക്കർ ഭൂമിയും 9559 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 13566.76 ഏക്കർ ഭൂമിയും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്തു മാത്രം നൽകിയ ഭൂമിയുടെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ | (ഡി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ജില്ല തിരിച്ച ലഭ്യമാണോ; എങ്കിൽ അവ നൽകാമോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പട്ടികജാതി വികസന വകുപ്പ്

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ലഭ്യമാക്കിയ ഭൂമിയുടെ വിവരം (സെന്റ്) |
|---|---|---|---|
| 1 | തിരുവനന്തപുരം | 1271 | 6628.74 |
| 2 | കൊല്ലം | 1223 | 6384.68 |
| 3 | പത്തനംതിട്ട | 853 | 4280.17 |
| 4 | ആലപ്പുഴ | 958 | 4791.37 |
| 5 | കോട്ടയം | 775 | 3995.48 |
| 6 | ഇടുക്കി | 589 | 2953.78 |
| 7 | എറണാകുളം | 1213 | 5934 |
| 8 | തൃശ്ശൂർ | 1509 | 6749.78 |
| 9 | പാലക്കാട് | 1612 | 2851.35 |
| 10 | മലപ്പുറം | 1313 | 6561 |
| 11 | കോഴിക്കോട് | 944 | 4297.51 |
| 12 | വയനാട് | 238 | 1596.25 |
| 13 | കണ്ണൂർ | 560 | 2240 |
| 14 | കാസർഗോഡ് | 344 | 2146.24 |

| | | | |
|---|---|---|---|
| | **ആകെ** | **13402** | **61410.35** |

## പട്ടിക വർഗ്ഗ വികസന വകുപ്പ്

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|
| തിരുവനന്തപുരം | **1366** | **1043.61** |
| കൊല്ലം | **12** | **1.50** |
| ആലപ്പുഴ | | |
| പത്തനംതിട്ട | **215** | **132.57** |
| കോട്ടയം | **23** | **7.85** |
| ഇടുക്കി | **270** | **526.29** |
| എറണാകുളം | **48** | **41.31** |
| തൃശ്ശൂർ | **61** | **73.50** |
| പാലക്കാട് | **584** | 2005.26 |
| മലപ്പുറം | **570** | **176.10** |
| കോഴിക്കോട് | **40** | **8.06** |
| വയനാട് | **803** | **406.78** |
| കണ്ണൂർ | **89** | **95.28** |
| കാസർഗോഡ് | **104** | **34.08** |
| **ആകെ** | **4185** | **4552.19** |